# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ: T3221</u> — <u>07.11.2019-ൽ മറുപടിക്ക്</u>

## <u>സി.എം.ഡി.ആർ.എഫ്. അപേക്ഷകളിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം</u>

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ഇ. ചന്ദ്രശേഖരൻ<br>**റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ വില്ലേജ് ആഫീസ് തലത്തിൽ സമയബന്ധിതമായി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് അപേക്ഷകരെ അറിയിച്ചിട്ടും ഹാജരാക്കാത്തതിനാലാണ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നത്. |
| (ബി) തൃശ്ശൂർ ജില്ലയിലെ വെളുത്തൂർ വില്ലേജ് ഓഫീസർക്ക് ഓൺലൈൻ റിപ്പോർട്ടിനായി ജാനകി (D170101025), ചന്ദ്രൻ.സി.കെ. (D170904151), അന്തോണി (D180502600), ജോയ്സി ജോർജ്ജ് (D181102895) എന്നീ അപേക്ഷകളിൻമേൽ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകൾ വില്ലേജ് ഓഫീസർക്ക് ലഭിച്ച തീയതി അറിയിക്കാമോ; | (ബി) 1. 07.01. 2017-ന് ശ്രീമതി. ജാനകി ഓൺലൈൻ ആയി അപേക്ഷിച്ചിട്ടുള്ളതും 06.03.2018-ന് വരുമാനവും, ധനസഹായം അനുവദിക്കുന്നതിനുള്ള ശുപാർശയും സഹിതം വില്ലേജ് ഓഫീസർ തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, 07.03.2018-ന് പ്രസ്തുത അപേക്ഷയിൽ ചികിൽസാ ചെലവും തുടർ ചികിൽസയ്ക്ക് ആവശ്യമായ തുകയും രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് അപേക്ഷ തിരികെ വില്ലേജിലേയ്ക്ക് ലഭിക്കുകയും ചെയ്തു. മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്നതിന് അപേക്ഷകനോട് വില്ലേജ് ഓഫീസർ നിർദ്ദേശിച്ചിട്ടും ഇതുവരേയും ഹാജരാക്കിയിട്ടില്ല. |

2. ശ്രീ. ചന്ദ്രൻ. സി.കെ. 16.09.2017-ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, 19.10.2017-ന് വില്ലേജ് ഓഫീസർ ശുപാർശ സഹിതം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഹോസ്പിറ്റൽ ഡിസ്ചാർജ്ജ് സമ്മറി മാത്രമാണ് ഹാജരാക്കിയിരുന്നത്. ചികിൽസിക്കുന്ന ആശുപത്രി-യിലെ മെഡിക്കൽ സർട്ടിഫിക്കറ്റും, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും ഹാജരാക്കുന്നതിന് നിർദ്ദേശം നൽകി തഹസിൽദാർ 20.04.18-ന് അപേക്ഷ വില്ലേജ് ഓഫീസർക്ക് തിരികെ അയച്ചു. അപേക്ഷകനോട് വില്ലേജ് ഓഫീസർ നിർദ്ദേശിച്ചിട്ടും ആയത് ഇതുവരെ ഹാജരാക്കിയിട്ടില്ല.

3. 08.05.2018-ന് ശ്രീ. അന്തോണി ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും 10.07.2018-ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മെഡിക്കൽ സർട്ടിഫിക്കറ്റിൽ ചികിൽസയ്ക്ക് ചെലവായ തുകയും ചേർത്ത് സമർപ്പിക്കുവാൻ നിർദ്ദേശിച്ച് 01.02.2019-ൽ തഹസിൽദാർ അപേക്ഷ വില്ലേജ് ഓഫീസർക്ക് അയയ്ക്കുകയും ചെലവായ തുക ഉൾപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ അപേക്ഷകനോട് നിർദ്ദേശിച്ചിരിക്കുകയുമാണ്.

4. 13.11.2018-ന് ശ്രീമതി. ജോയ്സി ജോർജ്ജ് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. 10.01.2019-ന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ഹാജരാക്കുന്നതിന് വില്ലേജ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) എളവള്ളി വില്ലേജ് ഓഫീസർക്ക് ഓൺലൈൻ റിപ്പോർട്ടിനായി പരമേശ്വരൻ (D180401216, വിൻസെന്റ് (D180401230), സരോജിനി (D180401428), ശശിധരൻ പി.എസ്. (D180401433), ദേവു (D180402459), സരോജിനി (D180602012) എന്നിവർ സമർപ്പിച്ച അപേക്ഷകളിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത

(സി) 1. 09.04.2018-ന് ശ്രീ. പരമേശ്വരന്റെ ഓൺലൈൻ അപേക്ഷ വില്ലേജ് ഓഫീസർക്ക് ലഭ്യമായിട്ടുള്ളതും 08.06.18-ന് റിപ്പോർട്ട് തഹസിൽദാർക്ക് അയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഹൃദയ സംബന്ധമായ അസുഖമായതിനാൽ ചികിൽസിക്കുന്ന ആശുപത്രിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് 22.06.2018-ന് തഹസിൽദാർ അപേക്ഷ

| | |
|---|---|
| അപേക്ഷകൾ വില്ലേജ് ഓഫീസർക്ക് ലഭിച്ച തീയതി, റിപ്പോർട്ട് സമർപ്പിച്ച തീയതി എന്നിവ അറിയിക്കാമോ; | വില്ലേജിലേയ്ക്ക് അയയ്ക്കുകയും, വില്ലേജ് ഓഫീസർ 24.07.2018-ന് അപേക്ഷകൻ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത വിവരം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. 26.09.2019-ന് അപേക്ഷകനോട് വീണ്ടും നിർദ്ദേശിച്ചിരുന്നെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റ് ഇതുവരെ ഹാജരാക്കിയിട്ടില്ലാത്തതാണ്.<br><br>2. ശ്രീ. വിൻസെന്റിന്റെ (D180401230) നമ്പറിലുള്ള അപേക്ഷ ഡ്യൂപ്ലിക്കേറ്റ് അപേക്ഷയാണ്. അപേക്ഷകന്റെ (D191000181) എന്ന നമ്പറിലുള്ള അപേക്ഷ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.<br>3. ശ്രീമതി. സരോജിനി 09.04.2018-ന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുകയും, ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകയോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.<br>4. ശ്രീ. ശശിധരന്റെ അപേക്ഷ 09.04.18-ന് വില്ലേജിൽ ലഭിച്ചിട്ടുണ്ട്. 6 മാസത്തിനകമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്.<br>5. ശ്രീമതി. ദേവുവിന്റെ അപേക്ഷ 12.04.2018-ന് സമർപ്പിച്ചിട്ടുള്ളതും 25.07.2018-ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഇപ്പോൾ 04.11.2019-ലെ സ.ഉ. (സാധാ) നം. 3177/19/റവ. പ്രകാരം അപേക്ഷകയ്ക്ക് 15,000/- രൂപ ധനസഹായം അനുവദിച്ചിട്ടുമുണ്ട്.<br><br>6. ശ്രീമതി. സരോജിനി 07.06.18-ന് അപേക്ഷ സമർപ്പിക്കുകയും ബാങ്ക് പാസ്ബുക്ക്, ആധാർ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ലാത്ത വിവരം 24.07.2018-ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയും 26.07.18-ന് തഹസിൽദാർ രേഖകൾ ഹാജരാക്കുന്നതിന് അപേക്ഷ തിരികെ വില്ലേജിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. രേഖകൾ ഇതുവരേയും ഹാജരാക്കിയിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| (ഡി) | മണലൂർ എം.എൽ.എ.യുടെ ശിപാർശ-യോടു കൂടി ലഭിച്ചതും മൂന്ന് മാസത്തിലേറെയായി റിപ്പോർട്ട് സമർപ്പിക്കാതെ കൈവശം വച്ചിരിക്കുന്നതുമായ എത്ര സി.എം.ഡി.ആർ.എഫ്. അപേക്ഷകളാണ് യഥാക്രമം വെങ്കിടങ്ങ്, പാവറട്ടി, വെൺമേനാട് വില്ലേജ് ഓഫീസുകളിൽ നിലവിലുള്ളത്; അറിയിക്കുമോ: | (ഡി) | വെങ്കിടങ്ങ് വില്ലേജിൽ 3, പാവറട്ടി വില്ലേജിൽ 4, വെൺമേനാട് വില്ലേജിൽ 4 അപേക്ഷകൾ നിലവിലുണ്ട്. അപേക്ഷകൻ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലാണ് റിപ്പോർട്ട് സമർപ്പിക്കു ന്നതിന് സാധിക്കാത്തത്. |
| (ഇ) | തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (ഇ) | തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി ഫയൽ അദാലത്തും നടത്തി വരുന്നുണ്ട്. |

Bindumol K N

സെക്ഷൻ ഓഫീസർ.